● കേരളാധീശ്വരപുരം ഗവ: ഐ.ടി.ഐ ഹോസ്റ്റൽ കെട്ടിടം ഉദ്ഘാടനം ചെയ്ത് മന്ത്രി കെ. രാധാകൃഷ്ണൻ സംസാരിക്കുന്നു.

കേരളാധീശ്വരപുരം ഗവ. ഐ.ടി.ഐയിൽ പുതിയ കോഴ്സുകൾ ആരംഭിക്കും: മന്ത്രി കെ. രാധാകൃഷ്ണൻ

താനൂർ: സംസ്ഥാന പട്ടികജാതി വികസന വകുപ്പിന് കീഴിൽ താനാളൂർ പുത്തൻ തെരുവിൽ പ്രവർത്തിക്കുന്ന കേരളാധീശ്വരപുരം ഗവ: ഐ.ടി.ഐയിൽ തൊഴിലധിഷ്ഠിതമായ പുതിയ കോഴ്സുകൾ ആരംഭിക്കുമെന്ന് പട്ടികജാതി–പട്ടിക വർഗ, ദേവസ്വം വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ പറഞ്ഞു. ഐ.ടി.ഐയിൽ ഒന്നര കോടി രൂപ ചെലവഴിച്ച് പുതുതായി നിർമിച്ച ഹോസ്റ്റൽ കെട്ടിടം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. ഗവ:ഐ.ടി.ഐ ക്യാമ്പസിൽ നടന്ന ചടങ്ങിൽ ഫിഷറീസ്–കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ അധ്യക്ഷനായി. താനൂർ ഗവ. കോളജ് അടുത്ത അധ്യായന വർഷം മുതൽ സ്ഥിരം കെട്ടിടത്തിൽ ക്ലാസുകൾ ആരംഭിക്കുമെന്ന് മന്ത്രി വി.അബ്ദുറഹിമാൻ പറഞ്ഞു.

1992ൽ പ്രവർത്തനമാരംഭിച്ച കേരളാധീശ്വരപുരം ഗവ: ഐ.ടി.. ഐയിൽ നിലവിൽ പ്ലംബർ ട്രേഡിൽ 24 കുട്ടികളാണ് പരിശീലനം നേടുന്നത്. താനാളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എം. മല്ലിക, അംഗം കെ. ഫാത്തിമ ബീവി, പൊതുമരാമത്ത് വകുപ്പ് അസി.എക്സിക്യൂട്ടിവ് എഞ്ചീനിയർ ഗോപൻ മുക്കുലത്ത്, പട്ടികജാതി വികസന വകുപ്പ് ഉത്തര മേഖല ഡപ്യൂട്ടി ഡയറക്ടർ എം.ജെ അരവിന്ദാക്ഷൻ ചെട്ടിയാർ, ട്രെയിനിങ് ഇൻസ്പെക്ടർ പി. ബാബുരാജൻ, മലബാർ ദേവസ്വം ബോർഡ് അംഗം രാധ മാമ്പറ്റ, മേഖല ചെയർമാൻ ഒ.കെ. ബേബി ശങ്കർ, താനൂർ ഗവ. കോളജ് പ്രിൻസിപ്പൽ ഡോ.പി.അഷ്ക്കറലി, ഗവ. ഐ.ടി.ഐ പ്രിൻസിപ്പൽ കെ. മുകുന്ദൻ, തിരൂർ അർബൺ കോ–ഓപ്പറേറ്റീവ് ബാങ്ക് ചെയർമാൻ ഇ.ജയൻ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ ഒ.രാജൻ, കെ.എൻ ജനചന്ദ്രൻ, സമദ് താനാളൂർ, കെ.മൊയ്തീൻ കുട്ടി ഹാജി, നാദിർഷ കടായിക്കൽ എന്നിവർ സംസാരിച്ചു.

സീറ്റൊഴിവ്

താനൂർ: തവനൂർ ഗവ. ആർട്സ് ആൻഡ് സയൻസ് കോളജിൽ അഞ്ച് വർഷ ഇന്റഗ്രേറ്റഡ് എം.എ പൊളിറ്റിക്സ് ആൻഡ് ഇന്റർനാഷണൽ റിലേഷൻസ് കോഴ്സിൽ ഓപ്പൺ മെറിറ്റിലും ഭിന്നശേഷി ഉൾപ്പെടെ വിവിധ സംവരണ വിഭാഗത്തിലും സീറ്റുകൾ ഒഴിവുണ്ട്. ഇന്റഗ്രേറ്റഡ് കോഴ്സിന്റെ ക്യാപ് രജിസ്ട്രേഷൻ ചെയ്ത യോഗ്യരായ വിദ്യാർഥികൾ സെപ്തംബർ 24 ന് ഉച്ചയ്ക്ക് രണ്ടിനകം രേഖകളുടെ പകർപ്പ് സഹിതം കോളജിൽ റിപ്പോർട്ട് ചെയ്യണം. ഫോൺ: 8891242417.

കൗൺസിൽ സമ്മേളനം

ഇടിമുഴിക്കൽ: കേരള പത്മശാലിയ സംഘം തിരൂർ താലൂക്ക് 42–ാമത് കൗൺസിൽ സമ്മേളനം ആർ.മോഹനൻ പിള്ള നഗറിലെഇടിമുഴിക്കൽ മഹാഗണപതി ക്ഷേത്രം ഓഡിറ്റോറിയത്തിൽ കെ.പി. എസ് സംസ്ഥാന പ്രസിഡന്റ് പി .വിശ്വംഭരൻപിള്ള ഉദ്ഘാടനം ചെയ്തു, തിരൂർ താലൂക്ക് പ്രസിഡണ്ട് സി.കൃഷ്ണൻ കുട്ടി അധ്യക്ഷംവഹിച്ചു, സംസ്ഥാന ജനറൽ സെക്രട്ടറി വി.വി. കരുണാകരൻ മുഖ്യപ്രഭാഷണം നടത്തി.

സി സേതുമാധവൻ സ്വാഗതം പറഞ്ഞു, പിന്നോക്ക സംവരണത്തിൽ ഒ.ബി.സി. ഹിന്ദു ഗ്രൂപ്പിൽ നിലവിലെ സംവരണം അട്ടിമറിച്ചുകൊണ്ട് മറ്റു മുന്നോക്ക വിഭാഗങ്ങളെയും കൂടാതെ 41 കൃസ്ത്യൻ സഭകളെയും ഉൾപെടു ടുത്തിയത് നിലവിലെ സംവരണ തോതിൽ വന്നിട്ടുള്ള നഷ്ടം പരിഹരിക്കാൻ ജനസംഖ്യാനുപാതികമായി ഉയർത്തി നല്കണമെന്ന് യോഗം സർക്കാറിനോട് ആവശ്യപ്പെട്ടു. വനിതാ സംസ്ഥാന ട്രഷറർ പുഷ്പ പുളിയേരി, ദേവിസജീവ്, കെ.ദാമോദരൻ പി.വി. ദിനേഷ് , തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് നടന്ന തിരഞ്ഞെടുപ്പിൽ സംസ്ഥാന ട്രഷറർ പി. പ്രദീപ്കുമാർ വരണാധികാരിയായി. പുതിയ താലൂക്ക് കമ്മറ്റി പ്രസിഡണ്ടായി സി. കൃഷ്ണൻ കുട്ടി, സെക്രട്ടറി, സി. സേതുമാധവൻ . വൈസ് പ്രസിഡണ്ട് കെ .അനീഷ്കുമാർ , ജോ: സെക്രടറി പി.വി. ദിനേശ്, ട്രഷറർ കെ.വി. മണി ദാസ്തുടങ്ങിയ പതിനൊന്നംഗ കമ്മറ്റിയെ തിരഞ്ഞെടുത്തു.

സോപാന സംഗീത പാരമ്പര്യ കലാകാരൻ രാമപുരം കുഞ്ഞിക്കൃഷ്ണ മാരാർക്ക് ദേശീയ ബഹുമതി

■ ഷമീർ രാമപുരം
രാമപുരം

സ്വന്തം അമ്മയിൽ നിന്നും കർണ്ണാടക സംഗീതം അഭ്യസിച്ച് സോപാന സംഗീതത്തിന്റെ പരമ്പരാഗത ശൈലി കാത്തു സൂക്ഷിച്ചു വരുന്നുപരമ്പര്യ കലാകാരൻരാമപുരം കുഞ്ഞിക്യഷ്ണമാരാർക്ക്സോപാന സംഗീതജ്ഞ രംഗത്തെ ദേശീയ ബഹുമതി. 75–മത് ആസാദി ക അമൃത് മഹോത്സവത്തിന്റെ ഭാഗമായി ഇന്ത്യൻ കൗൺസിൽ ഫോർ കൾചറൽ റിലേഷൻസ് ഐ സി സി ആർ ബാഗ്ലൂർ, ഭാരതീയ വിദ്യാഭവൻ, ആത്മാലയ അക്കാഡമി ഓഫ് ആർട്ട് ആന്റ് കൾച്ചർ ട്രസ്റ്റ് ബാഗ്ലൂർ എന്നിവയുടെ ആഭിമുഖ്യത്തിലാണ് ആദരിക്കുന്നത്. സെപ്റ്റംബർ 25 ന് ബാഗ്ലൂരിൽ നടത്തുന്ന ഡാൻസ് ഫെസ്റ്റ് വെല്ലിൽ വെച്ച് ദേവിക ആൻറ് ശ്രീ ചാക്യാർ രാജൻ മെമ്മോറിയൽ അവാർഡ് രാമപുരം കുഞ്ഞികൃഷ്ണമാരാർക്ക് നൽകുന്നു. 30000 രൂപയും പ്രശസ്തി പത്രവും അടങ്ങിയതാണ് അവാർഡ്.

തായമ്പക, മേളം, ഇടക്ക, പാണി എന്നിവയിലും തനതായ വ്യക്തിമുദ്ര പതിപ്പിച്ചിരിക്കുന്ന കലാകാനാണ് 84 വയസ്സ് പിന്നിട്ട രാമപുരം കുഞ്ഞിക്യഷ്ണമാരാർ, 1938 ജൂലൈ24 ന് പൂക്കാട്ടിരി രാവുണ്ണി മാരാരുടേയും രാമപുരം മേലേ മാരാത്ത് ഇട്ടിച്ചിരി മാരാ സ്യാരുടേയും മകനായി ജനിച്ചു.സ്കൂൾ പഠനത്തോടൊപ്പം കരിക്കാട് ശ്രീ അപ്പുമാരാർ, തിരുവേഗപ്പുറ ശങ്കുണ്ണി മാരാർ എന്നിവരിൽ നിന്നും വാദ്യകലകളും അഭ്യസിച്ചു. അങ്ങാടിപ്പുറം തിരുമാന്ധാംകുന്ന് ക്ഷേത്രത്തിൽ 30 വർഷത്തോളം പുരാഘോഷത്തിന് തന്റെ സേവനം കാഴ്ചവെച്ചു. രാമപുരം ശ്രീ രാമസ്വാമി ക്ഷേത്രത്തിലെ പാരമ്പര്യ അടിയന്തരക്കാരായിരുന്ന മേലേ മാരാത്ത് കുടുംബത്തിലെ അംഗമായ മാരാർ ഈ ക്ഷേത്രത്തിലെ വാദ്യക്കാരനായി തന്നെ ജീവിതമാരംഭിച്ചു.കേരളാ മാരാർക്ഷേമസഭയുടെ കലാചാര്യ പുരസ്കാരം പൂക്കാട്ടിരി രാമപ്പൊ തുവാൾ ട്രസ്റ്റിന്റെ വാദ്യകലാ പുരസ്കാരം എന്നിവ കൂടാതെ കേരളത്തിലങ്ങോ ളമുള്ള നിരവധി വേദികളിൽ പുരസ്കാരങ്ങളും പൊന്നാടകളും നൽകി ആദരിച്ചിട്ടുണ്ട്.

● രാമപുരം കുഞ്ഞിക്യഷ്ണമാരാരെ കവിയും ഗാന രചയിതാവുമായ അങ്ങാടിപ്പുറം പി.സി അരവിന്ദൻ മംഗളപത്രം നൽകി ആദരിക്കുന്നു. (ഫയൽ ചിത്രം)

ഒഴൂർ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം

താനൂർ: താനൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന സമ്പൂർണ്ണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഒഴൂർ ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം. ഫീഷറിസ്, കായിക വകുപ്പ് മന്ത്രിയുമായ വി.അബ്ദുറഹിമാൻ വിളിച്ചു ചേർത്ത ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിലാണ് തീരുമാനം.ഇതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റി, ജലനിധി, ജലജീവൻ മിഷൻ തുടങ്ങിയ സർക്കാർ വകുപ്പുകളും ഏജൻസികളും ഏകോപിപ്പിച്ച് പ്രവർത്തിക്കും. യോഗത്തിൽ മന്ത്രിക്കു പുറമേ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ. യുസഫ് ,സ്ഥിരം സമിതി അധ്യക്ഷൻ അഷ്ക്കർ കോറാട്, കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടിവ് എഞ്ചിനീയർ രേഖ പി.നായർ , അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ. എസ്.ജയകുമാർ,വി.മുരളിധരൻ നായർ,അലി പട്ടാക്കൽ, മണ്ണിൽ സൈതലവി, കെ.പി. ജിജേഷ്, എ.നസീം പ്രസംഗിച്ചു.

മോഷണംപോയ വാഹനത്തിന് 6.68 ലക്ഷം രൂപ നൽകാൻ ജില്ലാ ഉപഭോക്തൃ കമ്മീഷൻ വിധി

മലപ്പുറം: ചീക്കോട് സ്വദേശി ഫസലുൽ ആബിദിന്റെ മോഷണം പോയ വാഹനത്തിന് ഇൻഷുറൻസ് കമ്പനിയോട് 6,68,796 രൂപ നൽകാൻ ജില്ലാ ഉപഭോക്തൃ കമ്മീഷൻ വിധി. 2018 ജനുവരി എട്ടിനാണ് ഫസലുൽ ആബിദിന്റെ ഉടമസ്ഥതയിലുള്ള മാരുതി സിഫ്റ്റ് കാർ ബന്ധുവിന്റെ കൈവശമിരിക്കെ ഒറ്റപ്പാലത്തു വച്ച് മോഷണം പോയത്. വാഹന അപകടത്തിൽപെട്ട് ഫസലുൽ ആബിദ് മരണപ്പെട്ടതിനെ തുടർന്ന് ബന്ധുക്കൾ ഇൻഷുറൻസ് കമ്പനിയെ സമീപിച്ചെങ്കിലും നഷ്ടപരിഹാരം നൽകാൻ കമ്പനി തയാറായില്ല. വാഹന ഉടമ വേണ്ട വിധം വാഹനം നോക്കി സംരക്ഷിച്ചില്ലെന്ന് ആരോപിച്ചാണ് കമ്പനി ആനുകൂല്യം നിഷേധിച്ചത്. തുടർന്നു ബന്ധുക്കൾ ഉപഭോക്തൃ കമ്മീഷനെ സമീപിക്കുകയായിരുന്നു. ഇൻഷുറൻസ് തുകയായ 6,13,796 രൂപയും നഷ്ടപരിഹാരമായി 50,000 രൂപയും കോടതി ചെലവായി 5,000 രൂപയും പരാതി ക്കാർക്ക് നൽകാനാണ് വിധിയായത്. ഒരു മാസത്തിനകം വിധിസംഖ്യ നൽകാത്ത പക്ഷം ഹരജി നൽകിയ തീയതി മുതൽ ഒൻപത് പലിശയും നൽകണം. കെ.മോഹൻ ദാസ് പ്രസിഡന്റും പ്രീതി ശിവരാമൻ, സി.വി. മുഹമ്മദ് ഇസ്മായിൽ എന്നിവർ ചേർന്ന ജില്ലാ ഉപഭോക്തൃ കമ്മീഷന്റെതാണ് വിധി.

തെരുവുനായയുടെ കടിയേറ്റു

പൊന്നാനി: പൊന്നാനി നഗരസഭയിലെ മുൻ കൗൺസിലറുടെ ഭാര്യയെ തെരുവുനായ കടിച്ചു പരുക്കേൽപ്പിച്ചു.മുൻ കൗൺസിലർ അന്തരിച്ച അബ്ദുൽ കാദറിന്റെ ഭാര്യ ചെമ്പന്റെകത്ത് ഫാത്തിമയെയാണ് നായ കടിച്ചത്. ഗുരുതരമായ പരിക്കേറ്റ ഇവരെ മഞ്ചേരി ആശുപത്രിയിൽ പ്രവേശിപ്പിച്ചു.വീടിന്റെ കോമ്പൗണ്ടിൽ ഇരിക്കുമ്പോഴാണ് പാഞ്ഞു വന്ന നായ കടിച്ചു മുറിച്ചത്. വൈകിട്ട് അഞ്ചുമണിക്കാണ് സംഭവം. മുഖത്തും ചെവിക്കും കൈക്കും ഗുരുതരമായ പരിക്കേറ്റിട്ടുണ്ട്.ശബ്ദം കേട്ട് ആളുകൾ ഓടിയെത്തിയപ്പോഴെക്കും നായ ഓടിരക്ഷപ്പെട്ടു.

പൊന്നാനിയിൽ 6 മാസത്തിനിടെ രജിസ്റ്റർ ചെയ്തത് 1055 ഗതാഗത നിയമലംഘന കേസുകൾ

പൊന്നാനി: പൊന്നാനി ആർ.ടി.ഒക്ക് കീഴിൽ കഴിഞ്ഞ ആറ് മാസത്തിനിടയിൽ പിടികൂടിയത് 1055 ഗതാഗത നിയമലംഘന കേസുകൾ. ട്രാഫിക് എൻഫോഴ്സ്മെന്റിന്റെ നടപടി പ്രകാരം എടുത്ത കേസുകളിൽ നിന്നായി 17,47,600 രൂപ പിഴയും ചുമത്തി. ഇതിൽ 187 കേസുകളിൽ നിന്നായി 4,64,500 രൂപ പിഴ ഇനത്തിൽ അടക്കുകയും ചെയ്തു. കഴിഞ്ഞ ആറ് മാസത്തിനിടയിൽ പിടിച്ച 1055 പെറ്റി കേസുകളിൽ കൂടുതലും ഹെൽമറ്റ് ധരിക്കാത്തതിന് എടുത്തിട്ടുള്ളതാണ്. 511 കേസുകളാണ് ഈ കാലയളവിൽ ഹെൽമറ്റ് ധരിക്കാത്തതിന് രജിസ്റ്റർ ചെയ്തത്. ലൈസൻസ് ഇല്ലാത്ത വാഹനം ഓടിച്ചതിന് ഏഴ് പേർക്കെതിരെയും വാഹനത്തിനു ഫിറ്റ്നസ് ഇല്ലാത്തതിനു 19 കേസുകളും ഓവർ ലോഡ് മൂന്ന് കേസുകളും ടാക്സ് അടക്കാത്തതിന് 44 കേസുകളും ഇൻഷുറൻസ് ഇല്ലാത്തതിന് 15 കേസുകൾ മറ്റുള്ളവ 456 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.മേഖലയിൽ നൂതന വാഹന പരിശോധന സംവിധാനമായ ഇ പോസ് മെഷിൻ, ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ (എ.എൻ.പി.ആർ) മൊബൈൽ ക്യാമറകളും ഉപയോഗിച്ചാണ് ആറു മാസകാലയളവിൽ ഇത്രയും ഗതാഗതനിയമലംഘന കേസുകൾ പിടികൂടിയതെന്ന് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ അഷറഫ് സൂർപ്പിൽ പറഞ്ഞു.

തെരുവുനായശല്യം: തീവ്രവാക്സിനേഷന് കൂട്ടായ പരിശ്രമം ആവശ്യം– മന്ത്രി

മലപ്പുറം: തെരുവുനായ ആക്രമണം ദിനംപ്രതി ഉയരുന്നതിനെ തുടർന്ന് മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന തീവ്രവാക്സിനേഷൻ യജ്ഞത്തിന് ജില്ലയിലെ മുഴുവൻ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ പരിശ്രമം ആവശ്യമെന്ന് മന്ത്രി വി. അബ്ദുറഹിമാൻ പറഞ്ഞു. തെരുവുനായ ആക്രമണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഇതിനകം 95350 കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അതിനാൽ ഇതൊരു അടിയന്തര വിഷയമായി കണ്ടുകൊണ്ട് എല്ലാവരുടെയും കൂട്ടായ പിന്തുണ വാക്സിൻ യജ്ഞത്തിന് ആവശ്യമാണെന്നും മന്ത്രി വ്യക്തമാക്കി. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലയിൽ നടപ്പാക്കുന്ന എ.ബി.സി പദ്ധതിയുമായി ബന്ധപ്പെട്ടുള്ള അടിയന്തര യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. മൃഗസംരക്ഷണ വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നാണ് തീവ്രവാക്സിനേഷൻ യജ്ഞം സംഘടിപ്പിക്കുന്നത്. ഒക്ടോബർ 20നകം ജില്ലയിലെ മുഴുവൻ തെരുവുനായകൾക്കും വളർത്തുമൃഗങ്ങൾക്കും വാക്സിൻ നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം.

വാക്സിനേഷന് പുറമെ തെരുവുനായകൾക്കും ഉപേക്ഷിക്കപ്പെട്ട നായകൾക്കുമുള്ള അഭയകേന്ദ്രം തയ്യാറാക്കൽ, പരിസര ശുചിത്വം, ബോധവൽക്കരണം എന്നിവയും അടിയന്തര കർമ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കും. വിവിധ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കിയ ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിലൂടെ മാലിന്യ നിർമാർജനത്തിൽ വളരെയധികം മുന്നോട്ടുപോകാൻ ജില്ലയ്ക്കായതായും മന്ത്രി പറഞ്ഞു.

ഈ നേട്ടത്തിന് കാരണമായ ഹരിതകർമ്മ സേന പ്രവർത്തകരെയും പഞ്ചായത്ത് ഭരണസമിതികളെയും പ്രത്യേകം അഭിനന്ദിക്കുന്നതായും മന്ത്രി കൂട്ടിച്ചേർത്തു. ഓൺലൈനിൽ ചേർന്ന യോഗത്തിൽ ജില്ലാകലക്ടർ വി.ആർ. പ്രേംകുമാർ, എം.എൽ.എ മാരായ യു.എ. ലത്തീഫ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ടി.വി. ഇബ്രാഹിം, ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവിമാർ, വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

TATA

ടാറ്റാ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്

സ്വാധീനിക്കുക്കുന്ന നിയമനോട്ടീസ്

1	9624678 & 9624982	[illegible]	[illegible]	Rs. 1,56,00,000/-	Rs. 11,00,000/-

● പോലീസ് സ്റ്റേഷനു വേണ്ടി പുതിയതായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ പ്രവൃത്തി പെരുവണ്ണാമൂഴിയിൽ ആരംഭിച്ചപ്പോൾ.

പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ കെട്ടിടം പണി തുടങ്ങി

പെരുവണ്ണാമൂഴി: ആധുനിക സൗകര്യങ്ങളോടെ പെരുവണ്ണാമൂഴിയിൽ നിർമ്മിക്കുന്ന പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ പണി തുടങ്ങി. പ്രവർത്തി ഉദ്ഘാടനം കഴിഞ്ഞ ദിവസം ടി.പി രാമകൃഷ്ണൻ എം.എൽ.എ നിർവഹിക്കുകയുണ്ടായി.പെരുവണ്ണാമൂഴി ടൂറിസ്റ്റ് കേന്ദ്രം പ്രവേശ കവാടത്തിനരികെ ജലസേചന വകുപ്പ് ആഭ്യന്തര വകുപ്പിന് വിട്ടുനൽകിയ 50 സെന്റ് സ്ഥലത്താണു മൂന്നുനില കെട്ടിടം സ്ഥാപിക്കുന്നത്. സംസ്ഥാന സർക്കാർ അനുവദിച്ച 1.96 കോടി രൂപ ചെലവഴിച്ചാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നത്. പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് കരാർ ഏറ്റെടുത്തിരിക്കുന്നത്. 1987ൽ പെരുവണ്ണാമൂഴി ഡാം ഗേറ്റിനു മുമ്പിൽ ജലസേചന വകുപ്പിന്റെ കെട്ടിടത്തിലാണ് പൊലീസ് സ്റ്റേഷൻ ആദ്യമായി പ്രവർത്തനം ആരംഭിച്ചത്. കാലക്രമേണ കെട്ടിടം ശോച്യാവസ്ഥയിലാവുകയും സ്റ്റേഷൻ പന്തിരിക്കരയിലെ വാടക കെട്ടിടത്തിലേക്ക് മാറ്റുകയുമായിരുന്നു. പതിമൂന്നു വർഷത്തോളമായി അസൗകര്യങ്ങളുടെ നടുവിൽ പ്രവർത്തിച്ചിരുന്ന സ്റ്റേഷനു പുതിയ കെട്ടിടം വരുന്നതോടെ ശാപ മോക്ഷമാവുകയാണ്.

പ്രവർത്തി ഉദ്ഘാടന ചടങ്ങിൽ ചക്കിട്ടപ്പാറ പഞ്ചായത്ത് പ്രസിഡന്റ് കെ.സുനിൽ അധ്യക്ഷത വഹിച്ചു. റൂറൽ പോലീസ് സൂപ്രണ്ട് കറുപ്പ സ്വാമി, പേരാമ്പ്ര എ.എസ്.പി ടി.കെ വിഷ്ണു പ്രദീപ്, പെരുവണ്ണാമൂഴി പോലീസ് ഇൻസ്പെക്ടർ കെ.സുഷീർ, ഇറിഗേഷൻ അസി. എക്സി. എഞ്ചിനീയർ സി.എച്ച് ഹാബി, പഞ്ചായത്ത് ഭരണസമിതി അംഗങ്ങളായ സി.കെ ശശി, ബിന്ദുവത്സൻ, ഇ.എം ശ്രീജിത്ത്, കെ.എ ജോസ് കുട്ടി, രാഷ്ടീയ പാർട്ടി നേതാക്കളായ പി.സി സുരാജൻ, ജെയിംസ് മാത്യു, ബേബി കാപ്പുകാട്ടിൽ, സെമിൻ ആസ്മിൻ, ബിജു ചെറുവത്തൂർ, പി.എം ജോസഫ്, രാജൻ വർക്കി പ്രസംഗിച്ചു.

പാവണ്ടൂർ ഹയർസെക്കണ്ടറിയിൽ ഡിജിറ്റൽ സ്കൂൾ തിയേറ്റർ

കാക്കൂർ: പാവണ്ടൂർ ഹയർസെക്കണ്ടറി സ്കൂളിൽ സജ്ജീകരിച്ച ഡിജിറ്റൽ സ്കൂൾ തിയേറ്റർ ഓർക്കിഡ് ന്റെ ഉദ്ഘാടനം മന്ത്രി എ. കെ ശശീന്ദ്രൻ നിർവഹിച്ചു. വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ കുറച്ച് നാളുകളായി ഉണ്ടാവുന്ന മാറ്റങ്ങൾ മാതൃകാപരമാണെന്ന് മന്ത്രി പറഞ്ഞു. ഡിജിറ്റൽ സ്കൂൾ തിയേറ്ററിലൂടെ വിദ്യാർത്ഥികളെ ബോധവത്കരിക്കുന്നതിനാവശ്യമായ ചിത്രങ്ങളാണ് പ്രദർശിപ്പിക്കുക. വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന് ലക്ഷ്യത്തോടെ നിരവധി പ്രവർത്തനങ്ങളാണ് ഇവിടെ നടന്നു വരുന്നത്. മുഴുവൻ ക്ലാസുകളും ഇതിനോടകം സ്മാർട്ട് ആയിക്കഴിഞ്ഞു. കാക്കൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.എം ഷാജി അധ്യക്ഷത വഹിച്ചു. ഹെഡ് മിസ്ട്രസ്സ് ശ്രീലത ടി.കെ റിപ്പോർട്ട് അവതരിപ്പിച്ചു. പഞ്ചായത്ത് അംഗം സിജി എൻ പരപ്പിൽ, പി.ടി.എ പ്രസിഡന്റ് പി.എം രാമചന്ദ്രൻ, ജനപ്രതിനിധികൾ പങ്കെടുത്തു. പ്രിൻസിപ്പാൾ സി. ഷീബ സ്വാഗതവും സ്റ്റാഫ് സെക്രട്ടറി കെ. ബിന്ദു നന്ദിയും പറഞ്ഞു.

കർഷക സംഘടനകൾ കരുത്താർജിക്കണം: അഹമ്മദ് പുന്നക്കൽ

നാദാപുരം: കർഷക സംഘടനകൾ കരുത്താർജ്ജിക്കേണ്ടത് കാലത്തിന്റെ ആവശ്യമാണെന്നും കർഷകരെ തളർത്തി കോർപറേറ്റുകളെ വളർത്തുന്ന നയമാണ് സർക്കാരുകൾ സ്വീകരിക്കുന്നതെന്നും അഹമ്മദ് പുന്നക്കൽ പറഞ്ഞു. സ്വതന്ത്ര കർഷകസംഘം നാദാപുരം നിയോജകമണ്ഡലം കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ ട്രഷറർ പി. ബീരാൻകുട്ടി മുഖ്യപ്രഭാഷണം നടത്തി. സൂപ്പി നരിക്കാട്ടേരി, എൻ.കെ മൂസ, നസീർ വളയം, അബ്ദുല്ല വയലോളി പ്രസംഗിച്ചു.

● ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി മൂടാടി ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ ജവാൻ കൃഷിക്കൂട്ടം കൃഷി ചെയ്ത നെല്ലിന്റെ വിളവെടുപ്പ് കാനത്തിൽ ജമീല എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

കൂരാച്ചുണ്ടിലെ ഗ്യാസ് ക്രിമറ്റോറിയം നിർമാണം: സമരം മാറ്റിവെച്ചു

കൂരാച്ചുണ്ട്: ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണവുമായി ബന്ധപ്പെട്ട് സംയുക്ത ജനകീയ സമിതി സമരം പ്രഖ്യാപിച്ച സാഹചര്യത്തിൽ കൂരാച്ചുണ്ട് പഞ്ചായത്ത് ഭരണസമിതി സമര സമിതി നേതാക്കളുമായി ചർച്ച നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ സമരം മാറ്റിവയ്ക്കുവാൻ തൽക്കാലം ധാരണയായി. ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണത്തിന്റെ നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് പണി ആരംഭിക്കുമെന്നു പ്രസിഡന്റ് യോഗത്തിൽ അറിയിച്ചു. താലൂക്ക് സർവ്വേയർ അളന്ന് തിട്ടപ്പെടുത്തിയ 25 സെൻറ് സ്ഥലം അതിര് മാർക്ക് ചെയ്യുന്നതിനും ധാരണയായിട്ടുണ്ട്.

യോഗത്തിൽ പ്രസിഡന്റ് പോളി കാരക്കട അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡണ്ട് റസീന യൂസഫ്, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഒ.കെ അമ്മദ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സിമിലി ബിജു, മെമ്പർമാരായ വിൻസി തോമസ്, വിൽസൺ മംഗലത്ത് പുത്തൻപുരയിൽ, ജെസ്സി കരിമ്പനക്കൽ, അരുൺ ജോസ്, സണ്ണി പുതിയ കുന്നേൽ, വിജയൻ കിഴക്കേമീത്തൽ, എൻ.ജെ ആൻസമ്മ, സിനി ഷിജോ, പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ബിജു, സമരസമിതി നേതാക്കളായ ഒ.ഡി തോമസ്, അശോകൻ കുറങ്ങോട്ട്, ഗോപി ആലക്കൽ, ഷിബു കട്ടക്കൽ, ബാലകൃഷ്ണൻ കുറ്റ്യാപ്പുറത്ത്, തങ്കപ്പൻ തോട്ടാനത്ത് പങ്കെടുത്തു.

ഗ്രാമപഞ്ചായത്ത് അനാസ്ഥക്കെതിരേ ബി.ജെ.പി. മാർച്ച്

പേരാമ്പ്ര: പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യാതെ ശമ്പളം വാങ്ങുന്ന സ്വീപ്പർമാരെ പിരിച്ച് വിടണമെന്നാവശ്യപ്പെട്ട് ബി.ജെ.പി പേരാമ്പ്ര പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഗ്രാമ പഞ്ചായത